പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2679 27-01-2014-ൽ മറുപടിക്ക്

ജലനിധി രണ്ടാം ഘട്ട പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്,<br>ശ്രീ. എ.സി. ബാലകൃഷ്ണൻ,<br>ശ്രീ. കെ. ശിവദാസൻ നായർ,<br>ശ്രീ. എം.പി. വിൻസന്റ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | ഉണ്ട്; 1022 കോടി രൂപ മുതൽ മുടക്കി ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന സമഗ്ര പദ്ധതിയാണ് ജലനിധി രണ്ടാം ഘട്ടം. ജനകീയ പങ്കാളിത്തത്തോടെ ഗ്രാമീണ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നൂതനമായ കർമ്മപരിപാടികൾ ഉൾക്കൊള്ളുന്നതാണ് രണ്ടാം ഘട്ട പദ്ധതി. 200 ഓളം ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതിലൂടെ 18 ലക്ഷ പേർക്ക് ശുദ്ധജലവും ശുചിത്വ സംവിധാനങ്ങളും എത്തിക്കുക എന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനും ഗ്രാമീണ ജനതയെ ഈ പദ്ധതി സജ്ജമാക്കുന്നു. പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് ഓരോ പദ്ധതിക്കും വേണ്ടി തനതായ ആസൂത്രണവും രൂപകൽപനയും നടത്തിപ്പും പരിപാലനവും എങ്ങനെയായിരിക്കണമെന്ന് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണമായ അവകാശം ജനങ്ങളിൽ നിക്ഷിപ്തമാണ്. സാധാരണ കുടിവെള്ള പദ്ധതികളിൽ നിന്നും |

വ്യത്യസ്തമായി, പ്രവർത്തനക്ഷമ മായിത്തീരുന്ന പദ്ധതിയുടെ പരിപാലനവും ഉടമസ്ഥതയും ഗ്രാമപഞ്ചായത്തുകൾക്കും ജനകീയ സമിതികൾക്കും സ്വന്തമാകുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്ത ഉൾ ക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയ സമിതികളേയും ശാക്തീകരിക്കുന്നതിനുള്ള പ്രത്യേക* പരിശീലനവും പദ്ധതിയുടെ ഭാഗമാണ്. രണ്ടാം ഘട്ട പദ്ധതി തുടങ്ങുന്നത് കേരളത്തിലെ 12 ജില്ലകളിൽ നിന്നുമുള്ള 22 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കി ക്കൊണ്ടാണ്. കേരളത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട 8 ജില്ലകളിലെ (കാസർ ഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി) 68 ഗ്രാമപഞ്ചായത്തുകളിലാണ് ഇപ്പോൾ പദ്ധതി നടപ്പിലാക്കിവരുന്നത്.
കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി (ജലനിധി), ഗ്രാമപഞ്ചായത്തുകൾ, കേരള വാട്ടർ അതോറിറ്റി സഹായസംഘടനകൾ (NGOs), ഗുണഭോക്തൃ സമിതികൾ എന്നിവരാണ് ജലനിധി പദ്ധതിയിലെ പങ്കാളികൾ

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ലക്ഷ്യങ്ങൾ താഴെപ്പറയുന്നു:

1. ജലവിതരണ പദ്ധതികൾ (പുതിയ പദ്ധതികളുടെ ഏറ്റെടുക്കലും നിലവിലുള്ളവയുടെ പുനരധിവാസവും).
2. പട്ടികവർഗ്ഗ വികസന പരിപാടി (പട്ടിക വർഗ്ഗ അധിവാസ മേഖലയിൽ ആദിവാസി/ഗോത്ര വർഗ്ഗ സമൂഹങ്ങളുടെ കുടിവെള്ള ശുചിത്വ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നത് ലക്ഷ്യമായുള്ള പ്രവർത്തനങ്ങൾ.
3. ഭൂഗർഭജല സംവർദ്ധക പ്രവർത്തനങ്ങൾ.
4. ഗാർഹിക തലത്തിലും സാമൂഹ്യാടിസ്ഥാനത്തിലുമുള്ള ശുചിത്വ പരിപാടികൾ.
5. IEC* പരിപാടികൾ.

6. സാമൂഹ്യ ശാക്തീകരണ പരിപാടികൾ.

7. ഗ്രാമപഞ്ചായത്ത് ശാക്തീകരണ പരിപാടികൾ.

8. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികളുടെ പുനരധിവാസവും നവീകരണ പ്രവർത്തനങ്ങളും.

9. കുടിവെള്ള ശുചിത്വ മേഖലയുടെ സമഗ്രമായ പ്രവർത്തന അവലോകനവും നയരൂപീകരണ പ്രവർത്തനങ്ങളും.

ഇവ നടപ്പാക്കുകയാണ് ഈ പദ്ധതി കൊണ്ടു കൈവരിക്കാനുദ്ദേശിക്കുന്നത്.

ി) എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(സി) ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി സർക്കാർ വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നീ ധനസഹായങ്ങളാണ് പ്രയോജനപ്പെടുത്തുന്നത് (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.)

ി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ ബാച്ച് 1 -ൽ 22 ഗ്രാമപഞ്ചായത്തുകളേയും ബാച്ച് 2 -ൽ 68 ഗ്രാപഞ്ചായത്തുകളേയുമാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ബാച്ച് 1 -ലെ പദ്ധതി പ്രവർത്തനങ്ങൾ നിർമ്മാണഘട്ടത്തിലും ബാച്ച് 2 ലേത് ആസൂത്രണഘട്ടത്തിലുമാണ്. ബാച്ച് 1-ൽ 928 ഗുണഭോക്തൃസമിതികളിലായി 46234 വീടുകൾ ഇപ്പോൾ സജീവമായിട്ടുണ്ട്. ഇവർക്കായി 485 കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആയതിൽ 44 കുടിവെള്ള പദ്ധതികൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചു കഴിഞ്ഞു. മാർച്ച് 2014-ഓടുകൂടി ഏകദേശം 300 കുടിവെള്ള പദ്ധതികൾ കൂടി പൂർത്തീകരിക്കാനാവുമെന്നാണ് കരുതുന്നത്. ബാച്ച് 2-ൽ 1585 ഗുണഭോക്തൃസമിതികൾ ജനറൽ പദ്ധതിയിലും 614 സമിതികൾ ട്രൈബൽ പദ്ധതിയിലുമായി 140804 വീടുകൾ 31-12-2013 വരെ രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ 7 മൾട്ടി പഞ്ചായത്ത് പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിൽ തൃശ്ശൂർ ജില്ലയിലെ

മാള പഞ്ചായത്തിലും അതിനടുത്തുള്ള 5 പഞ്ചായത്തുകളിലും (പൊയ്യ, വെള്ളാങ്കല്ലൂർ, കുഴൂർ, അന്നമനട,. പുത്തൻചിറ), മലപ്പുറം ജില്ലയിലെ ഊരകം, വേങ്ങര മൾട്ടിപഞ്ചായത്ത് പദ്ധതിയിലും, പെരുമണ്ണ ക്ലാരി, ഒഴൂർ മൾട്ടി പഞ്ചായത്ത് പദ്ധതിയിലും ഇതിനോടകം തന്നെ പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ജലനിധി രണ്ടാം ഘട്ട പദ്ധതി നടത്തിപ്പിനായി ആകെ 1022 കോടി രൂപയാണ് നീക്കിവെച്ചിരിക്കുന്നത്. 31.12.2013 വരെ 55.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ